# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# രാജാവായ ദാവീദ് (ഭാഗം 1)

എഴുതിയത് : Edward Hughes
ഉദാഹരണം : Lazarus; Alastair Paterson
അംഗികരിച്ചത് : Ruth Klassen
തർജ്ജിമ ചെയ്യുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യുവാവായ ദാവീദ് ഒളിച്ചു നടക്കുകയായിരുന്നു. ശൗൽ രാജാവ് അവനെ കൊല്ലുവാൻ നോക്കി. ദാവീദു മരുഭൂമിയിൽ ഒരു വലിയ ഗുഹയിലാണ് കഴിഞ്ഞത്. അവനോടൊപ്പം നാനൂറ് പേരും ഉ ായിരുന്നു. ചിലയവസരങ്ങളിൽ ശൗൽരാജാവിന്റെ പടയാളികൾ അവരുടെ വളരെഅടുത്തുവന്നു. എന്നാൽ ദാവീദ് രക്ഷപ്പെട്ടുകൊായിരുന്നു.



പുരോഹിതന്മാരാണ് ദാവീദിനെ രക്ഷപ്പെടാൻ സഹായിച്ചതെന്ന് ശൗലിന്റെ ഭൃത്യനായ ദോവേഗ് അവനോട് പറഞ്ഞു. അവരെ കൊന്നുകളയുവാൻ ശൗൽ കല്പന കൊടുത്തു. അതു അനുസരിക്കുവാൻ ദോവേഗ് മാത്രമേ തയ്യാറായുള്ളൂ. എൺപത്തിയഞ്ച് പുരോഹിതന്മാരെയും അവരുടെ കുടുംബാംഗങ്ങളെയും അതിക്രൂരമായി അവൻ വാളുകൊ് വെട്ടിക്കൊന്നു. അതൊരു മഹാപാതകമായിരുന്നു.





ദാവീദിനെ തിരഞ്ഞു നടന്ന് ശൗൽ ഒരു ദിവസം ദാവീദും കൂട്ടരും ഒളിച്ചിരുന്ന ഗുഹയിൽ ചെന്നു പെട്ടു. ശൗൽ ഒറ്റയ്ക്കായിരുന്നു!

ആ ഗുഹയിൽ വെച്ച് ദാവീദിനു ശൗലിനെ
അനായാസം കൊല്ലാമായിരുന്നു.
അതിനുപകരം അവൻ
പതുങ്ങിച്ചെന്ന് ശൗലിന്റെ
കുപ്പായത്തിന്റെ ഒരു
കഷണം തന്റെ
മൂർച്ചയുള്ള
വാളുകൊ്



മുറിച്ചെടുത്തു. ശൗൽ ഗുഹയിൽനിന്നു
പോയപ്പോൾ ദാവീദ് വിളിച്ചു. “നിന്റെ
മേൽകുപ്പായത്തിന്റെ അറ്റം ഞാൻ മുറിക്കുകയും
നിന്നെ കൊല്ലാതിരിക്കുകയും ചെയ്തതിനാൽ
എന്റെ കയ്യിൽ ദോഷവും ദ്രോഹവും ഇല്ല...”

ദാവീദിനു ഹാനിവരുത്തുവാൻ ശ്രമിക്കുന്നതിൽ തനിക്ക് ഖേദമുണ്ടെന്ന് ശൗൽ പറഞ്ഞു. എന്നാൽ വേഗം തന്നെ അവന്റെ കോപം തിരിച്ചുവരികയും ദാവീദിനെ കൊല്ലുവാൻ വേി 3000 പേരുള്ള ഒരു സൈന്യത്തെ ക്രമീകരിക്കുകയും ചെയ്തു. ഒരു ദിവസം രാത്രിയിൽ ആ സൈന്യം ഉറങ്ങുമ്പോൾ, ദാവീദും തന്റെ പടയാളികളിൽ ഒരുവനായ അബീശായിയും പതുങ്ങിപ്പതുങ്ങി ശൗൽ ഉറങ്ങിക്കിടന്നിരുന്ന സ്ഥലത്തേക്കു ചെന്നു.





അബീശായി ദാവീദിന്റെ
ചെവിയിൽ പറഞ്ഞു:
“ദൈവം നിന്റെ ശത്രുവിനെ
ഇന്നു നിന്റെ കയ്യിൽ
ഏല്പിച്ചിരിക്കുകയാണ്.
ഞാനവനെ കുന്തംകൊ‌ു
നിലത്തോടു ചേർത്ത്
ഒരൊറ്റ കുത്തു കുത്തട്ടെ. ര
ാമതൊരു കുത്തിന്റെ
ആവശ്യം വരികയില്ല.”



ദാവീദു സമ്മതിച്ചില്ല. ശൗലിന്റെ കുന്തവും ജഗ്ഗും എടുത്തിട്ട് അവൻ പാളയം വിട്ടു. അപ്പുറത്തുള്ള മലമുകളിൽ കയറി നിന്നു കൊ് ശൗൽ കേൾക്കത്തക്ക വിധത്തിൽ ഉറക്കെ വിളിച്ചു. ഒരിക്കൽ കൂടെ ശൗലിന് ബോധ്യമായി ദാവീദിനു തന്നെ കൊല്ലാമായിരുന്നെങ്കിലും അവനതു ചെയ്തില്ല. ഒരിക്കൽകൂടെ ശൗൽ പറഞ്ഞു ദാവീദിന് ഹാനി വരുത്തുവാൻ ശ്രമിക്കുന്നതിൽ തനിക്ക് ഖേദമുന്നെ്. പക്ഷേ, ദാവീദിനറിയാമായിരുന്നു ശൗലിന്റെ വാക്ക് വിശ്വസിക്കാൻ കൊള്ളുകയില്ലെന്ന്.



ഇതിനോടകം ശമൂവേൽ മരിച്ചുപോയിരുന്നു. ഇസ്രായേലിന്റെ രാജാവായി ആദ്യം ശൗലിനെയും പിന്നീടു ദാവീദിനെയും അഭിഷേകം ചെയ്യുവാൻ ദൈവം ആവശ്യപ്പെട്ട പ്രവാചകൻ അദ്ദേഹമായിരുന്നു. ഫെലിസ്ത്യർ ഇസ്രായേലിനെ ആക്രമിച്ചപ്പോൾ ശൗൽ വലിയൊരു തെറ്റുചെയ്തു. ദൈവം സഹിക്കാത്ത ഒരു കാര്യം.

ശമൂവേലിനെ മരിച്ചവരുടെയിടയിൽ നിന്നു വരുത്തുവാൻ ശൗൽ ഒരു വെളിച്ചപ്പാടത്തിയോട് ആവശ്യപ്പെട്ടു. ആ രാത്രിയിൽ ശൗലിനു സന്ദേശം ലഭിച്ചു.



“...ദൈവം നിന്നെ വിട്ടുമാറി നിനക്ക് ശത്രുവായിത്തീർന്നിരിക്കുന്നു... രാജത്വം യഹോവ നിന്റെ കയ്യിൽനിന്ന് പറിച്ചെടുത്ത് നിന്റെ അയൽക്കാരനായ ദാവീദിനു കൊടുത്തിരിക്കുന്നു. നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും. ഇസ്രായേൽ സൈന്യത്തെ യഹോവ ഫെലിസ്ത്യരുടെ കയ്യിൽ ഏല്പിക്കും.” ഇതു കേട്ടയുടനെ ശൗൽ ഭയപ്പെട്ടു നിലത്തു വീണു.



ഫെലിസ്ത്യർ ഇസ്രായേലിനോട് യുദ്ധം ചെയ്തു. ഇസ്രായേല്യ പുരുഷന്മാർ ഓടിപ്പോയി. ഫെലിസ്ത്യർ ശൗലിന്റെ പുത്രന്മാരെ കൊന്നു. അക്കൂട്ടത്തിൽ ദാവീദിന്റെ ഉറ്റ സുഹൃത്തായിരുന്ന യോനാഥാനും ഉണ്ടായിരുന്നു.



വില്ലാളികളാൽ ശൗലിന് മാരകമായ മുറിവേറ്റു. ശൗൽ തന്റെ ആയുധവാഹകനോട്, “ഈ ദുഷ്ടന്മാർ വന്ന് എന്നെ കുത്തിക്കളകയും അപമാനിക്കുകയും ചെയ്യാതിരിക്കേതിന് നിന്റെ വാൾ ഊരി എന്നെ കുത്തുക” എന്നു പറഞ്ഞു. ആയുധവാഹകൻ ഭയപ്പെട്ടതു കൊ് അവനതു ചെയ്തില്ല. അതുകൊു ശൗൽ ഒരു വാൾ പിടിച്ച് അതിന്മേൽ വീണു.





ശൗലിന്റെ പുത്രന്മാരുടെ
ശരീരങ്ങൾ ക ഫെലിസ്ത്യർ
അതെടുത്ത് അവർ പിടിച്ചടക്കിയ
ഒരു ഇസ്രായേൽ പട്ടണത്തിന്റെ
മതിലിന്മേൽ തൂക്കിയിട്ടു. എന്നാൽ
ധീരന്മാരായ ചില ഇസ്രായേല്യർ
ചെന്ന് ആ ശരീരങ്ങൾ
എടുത്തുകൊുവന്ന്
ദഹിപ്പിച്ചിട്ട് അസ്ഥികൾ
ഇസ്രായേലിൽ
കൊുചെന്ന് അടക്കി.



ദാവീദ് ശൗലിനെയും
അവന്റെ മകനായ
യോനാഥാനെയും
യഹോവയുടെ ജനത്തെയും
കുറിച്ചുള്ള ദുഃഖവാർത്ത
കേട്ടപ്പോൾ, അവർ വാളാൽ
വീണുപോയതുകൊ്
വിലപിച്ചു കരഞ്ഞു
സന്ധ്യവരെ ഉപവസിച്ചു.

ശൗൽ ദാവീദിനെ കൊല്ലുവാൻ
പരിശ്രമിച്ചെങ്കിലും ദൈവത്തിന്റെ
അഭിഷിക്തനായ ശൗലിനെ ദാവീദ്
അവസാനം വരെയും ബഹുമാനിച്ചിരുന്നു.
ഇപ്പോൾ ശൗലിന്റെ സ്ഥാനത്ത് ദാവീദിനെ
രാജാവായി നിയമിച്ചു കൊ് ദൈവം
അവനെ മാനിച്ചു.



# രാജാവായ ദാവീദ് (ഭാഗം 1)

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

1 ശമൂവേൽ 24–31, 2 ശമൂവേൽ 1–2

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

20

60

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16